**<u>23/09/2025-ൽ 02.30 PM-ന് ഫൈനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ കൂടിയ റവന്യൂ അവലോകന യോഗത്തിന്റെ മിനിട്സ്</u>**

**02.30 PM**-ന് യോഗം ആരംഭിച്ചു. ഫൈനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. **2025-26** സാമ്പത്തിക വർഷത്തിൽ ആഗസ്റ്റ് മാസം വരെയുള്ള റവന്യൂ കളക്ഷൻ പുരോഗതി വിലയിരുത്തുന്നതിന് വേണ്ടിയാണ് ഈ യോഗം നടന്നത്. എല്ലാ വിഭാഗം കണക്ഷനുകളിലും, കുടിശ്ശിക ഉൾപ്പെടെ, വാട്ടർ ചാർജ് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. നിലവിൽ ഓരോ മാസവും ലഭിക്കുന്ന കളക്ഷൻ തുക ജീവനക്കാർക്കും പെൻഷൻകാർക്കും നൽകേണ്ട ആനുകൂല്യങ്ങൾ കൊടുത്ത് തീർക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ റവന്യൂ വരുമാനം കൂട്ടേണ്ടത് അത്യാവശ്യമാണെന്നും അതിനു വേണ്ടി ജീവനക്കാർ പരമാവധി പരിശ്രമിക്കേണ്ടതാണെന്നും ഫൈനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ അറിയിച്ചു.

തുടർന്ന് **2025** ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള ആകെ കളക്ഷൻ **Vs** ഡിമാൻഡ്, ഫോൾട്ടി മീറ്റർ സ്റ്റാറ്റസ്, മീറ്റർ റീഡിങ് പോസ്റ്റിങ്ങ്, **DR** ഡിസ്കണക്ഷൻ, അൺഐഡന്റിഫൈഡ് കണക്ഷൻസ്, എൽ.എസ്.ജി.ഡി അരിയർ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി ഗൂഗിൾ ഷീറ്റ് അവതരിപ്പിക്കുകയും കളക്ഷൻ കുറവായ ഡിവിഷനുകളോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. ജീവനക്കാരുടെ അപര്യാപ്തത മിക്ക ഡിവിഷൻ ഓഫീസുകളുടെയും പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായി ഭൂരിഭാഗം റവന്യൂ ഓഫീസർമാരും അറിയിച്ചു. കാസർഗോഡ് ഡിവിഷനു കീഴിൽ ജലദൗർലഭ്യം കാരണം പല സ്ഥലങ്ങളിലും ആവശ്യത്തിന് വെള്ളം എത്തിക്കാൻ കഴിയുന്നില്ല എന്നും ആവശ്യത്തിന് മീറ്റർ റീഡർമാർ ഇല്ലാത്തത് കാരണം വെള്ളം കൊടുക്കുന്ന സ്ഥലങ്ങളിൽ റീഡിങ് എടുക്കുന്നതിനോ ബില്ല് ചെയ്യുന്നതിനോ കഴിയുന്നില്ല എന്നും അത് റവന്യൂ കളക്ഷനെ സാരമായി ബാധിച്ചിട്ടുള്ളതായും റവന്യൂ ഓഫീസർ അറിയിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവരെ കൂടി ഉൾപ്പെടുത്തി റവന്യൂ മീറ്റിങ്ങുകൾ നടത്തേണ്ടതാണെന്ന് റവന്യൂ ഓഫീസർ, വാട്ടർ സപ്ലൈ ഡിവിഷൻ, ആറ്റിങ്ങൽ അഭിപ്രായപ്പെട്ടു.

റവന്യൂ പ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടി താഴെ തട്ടിലുള്ള ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ല എന്നുള്ള വിവരം അഡ്മിനിസ്റ്ററേറ്റിവ് വിങ്ങിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അക്കൗണ്ട്സ് ഓഫീസർ, ആർ.എം.സി അറിയിച്ചു.

<u>പ്രധാന യോഗതീരുമാനങ്ങൾ</u>

1. സർക്കാർ സ്ഥാപങ്ങളിലെ കുടിശ്ശിക അടയ്ക്കേണ്ടതാണെന്ന് കാണിച്ച് വിവിധ സർക്കാർ വകുപ്പുകൾക്ക് മാനേജിങ് ഡയറക്ടർ തലത്തിൽ കത്തുകൾ നൽകുന്നുണ്ട്. ഓരോ ഡിവിഷൻ ഓഫീസിന് കീഴിലും ഉള്ള സർക്കാർ കണക്ഷനുകളിലെ കുടിശ്ശിക സംബന്ധിച്ച് ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് പോയി ഉദ്യോഗസ്ഥരുമായി സംസാരിക്കേണ്ടതും ഫോളോ അപ്പ് ചെയ്യേണ്ടതുമാണ്. തൻമാസ വാട്ടർ ചാർജ് ബില്ലുകൾ എങ്കിലും കൃത്യമായി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ.
2. കാസർഗോഡ് ഡിവിഷൻ ഓഫീസിലെ പ്രശ്നങ്ങൾ വിശദമായി പരിശോധിക്കുന്നതിന്

ഒക്ടോബർ മാസം പകുതിയോടു കൂടി ഉന്നത ഉദ്യോഗസ്ഥ തലത്തിൽ കാസർഗോഡ് ഡിവിഷന് വേണ്ടി പ്രത്യേകം യോഗം നടത്തുന്നതാണ്. നടപടി: ആർ.എം.സി

3. റവന്യൂ അവലോകന യോഗങ്ങൾക്ക് മുൻപായി ഓരോ ഡിവിഷൻ ഓഫീസുകളുടെയും ഡാറ്റ ഷീറ്റുകൾ അതാത് റവന്യൂ ഓഫീസർക്ക് പരിശോധിക്കുന്നതിനായി ഷെയർ ചെയ്ത് നൽകേണ്ടതാണ്. നടപടി: ആർ.എം.സി
4. റീഡിങ് എടുക്കുന്നതിലും ബില്ല് ചെയ്യുന്നതിലും ഉള്ള അപാകതകൾ പരിശോധിക്കേണ്ടതും ഓരോ മാസവും അവസാനം ഡി.സി.ബി ജനറേറ്റ് ചെയ്യുന്നതിന് മുൻപായി തന്നെ ആയത് പരിഹരിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. നടപടി: റവന്യൂ ഓഫീസർമാർ.
5. അൺ-ഐഡന്റിഫൈഡ് കണക്ഷനുകൾ നിലവിൽ ഇ-അബാക്കസിൽ മാർക്ക് ചെയ്തിട്ടുള്ളത്, മീറ്റർ റീഡർ, മീറ്റർ ഇൻസ്പെക്ടർ, അസിസ്റ്റൻ്റ് എഞ്ചിനിയർ എന്നിവർ ഫീൽഡ് ഇൻസ്പെക്ഷൻ നടത്തേണ്ടതും, അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ശുപാർശയുടെ അടിസ്ഥനത്തിൽ, ക്ലറിക്കൽ മിസ്റ്റേക്ക്/ ഡാറ്റ എൻട്രി വഴി പിശക് വന്നിട്ടുള്ളവ, പല തവണ ഉടമസ്ഥാവകാശം മാറിയതിനാൽ യഥാർത്ഥ ഉപഭോക്താവിനെ കണ്ടെത്താനാവാത്തവ, പ്രകൃതി ക്ഷോഭം മൂലം നഷ്ടപ്പെട്ടുപോയ കണക്ഷനുകൾ, സർക്കാർ പദ്ധതികൾക്കായി സ്ഥലം ഏറ്റെടുത്തത് മൂലം നഷ്ടപ്പെട്ടു പോയ കണക്ഷനുകൾ, റോഡ് / റെയിൽവേ വികസനവുമായി ബന്ധപ്പെട്ടു നഷ്ടപ്പെട്ടു പോയ കണക്ഷനുകൾ എന്നിങ്ങനെ തരം തിരിച്ചു വ്യക്തമായ ഫീൽഡ് റിപ്പോർട്ടോടു കൂടി ഒക്ടോബർ 31-നു മുൻപായിത്തന്നെ ഇ-അബാക്കസിൽ നിന്നും ഒഴിവാക്കേണ്ടതാണ് (സർക്കാർ കണക്ഷനുകൾ ഒഴികെ). നടപടി: റവന്യൂ ഓഫീസർമാർ.
6. എല്ലാ വിഭാഗം കണക്ഷനുകളിലും കേടായ മീറ്ററുകൾ യഥാസമയം മാറ്റി വച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ.
7. വെള്ളം നൽകാൻ കഴിയാത്ത സ്ഥലങ്ങളിലെ വാട്ടർ കണക്ഷനുകൾ DR ഡിസ്കണക്ഷൻ മാർക്ക് ചെയ്തിട്ടുണ്ടെന്നും ബില്ല് ജനറേറ്റ് ചെയ്യുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതാണ്. DR ഡിസ്കണക്ഷൻ ചെയ്തിട്ടുള്ള കണക്ഷനുകളിൽ വെള്ളം കിട്ടാത്ത സമയത്തെ കുടിശ്ശിക തുക ഇ-അബാക്കസിൽ നിന്നും ഒഴിവാക്കേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ.
8. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവടങ്ങളിലെ പൊതുടാപ്പുകളിലെ നിലനിൽക്കുന്ന കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക അടയ്ക്കാത്ത പക്ഷം റവന്യൂ റിക്കവറി ഉൾപ്പെടെ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടി: റവന്യൂ ഓഫീസർമാർ.

4.15-ന് യോഗം അവസാനിച്ചു.

ഫൈനാൻസ് മാനേജർ &

ചീഫ് അക്കൗണ്ട്സ് ഓഫീസർ